"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - തൃശ്ശൂർ ജില്ല - തിരുവില്വാമല ഗ്രാമപഞ്ചായത്ത് - ക്ലാർക്ക് ആയി സേവനത്തിലിരിക്കെ മരണപ്പെട്ട വാസു പി എ- യുടെ ഭാര്യ സരള പി സി-ക്ക് മുൻകാലപ്രാബല്യത്തോടെ കുടുംബപെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1034/2026/LSGD തീയതി,തിരുവനന്തപുരം, 19-05-2026

---

പരാമർശം:-

1. .സരള.പി.സി സമർപ്പിച്ച 16.08.2023ലെ അപേക്ഷ
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.10.2023 ലെ LSGD/PD/57421/2023-PENB1 നമ്പർ കത്ത്
3. തിരുവില്വാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.10.2025ലെ 2464613-2025 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല ഗ്രാമപഞ്ചായത്ത് ഓഫീസിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ക്ലാർക്ക് വാസു.പി.എ-യുടെ 07.03.2018 മുതൽ 07.07.2022 വരെയുള്ള കുടുംബപെൻഷൻ കടിശ്ശിക അനുവദിക്കണമെന്നാവശ്യപ്പെട്ട് പരേതന്റെ ഭാര്യ സരള.പി.സി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാസു.പി.എ-യുടെ കുടുംബപെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ ടിയാൻ മരണപ്പെട്ട് മൂന്ന് വർഷത്തിന് ശേഷമാണ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചതെന്നും ആയതിനാലാണ് അക്കൌണ്ടന്റ് ജനറൽ 06.03.2018-ന് മരണപ്പെട്ട വാസു.പി.എ-യുടെ കുടുംബപെൻഷൻ ആനുകൂല്യങ്ങൾ 08.07.2022 മുതൽ അനുവദിച്ചതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 06.03.2018-ൽ മരണപ്പെട്ട വാസു പി എ-യുടെ കുടുംബപെൻഷനുള്ള അപേക്ഷ ഭാര്യ സരള പി സി, 19.01.2021-നാണ് സമർപ്പിച്ചതെന്ന് പരാമർശം (3) പ്രകാരം തിരുവില്വാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജീവനക്കാരൻ മരണപ്പെട്ട് നിർദ്ദിഷ്ട സമയപരിധിയായ മൂന്ന് വർഷത്തിനുള്ളിൽ കുടുംബപെൻഷൻ അപേക്ഷ സമർപ്പിച്ചിരുന്നതിനാൽ ടിയാൻ മരണപ്പെട്ടതിന് തൊട്ടടുത്ത ദിവസം മുതൽ ഭാര്യക്ക് കുടുംബപെൻഷന് അർഹതയുണ്ട്. ടി സാഹചര്യത്തിൽ മരണപ്പെട്ട വാസു പി എ -യുടെ ഭാര്യ സരള പി സി -ക്ക് 07.03.2018 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ കുടുംബപെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.ശ്രീമതി.സരള പി സി , W/O വാസു പി എ(Late),പുത്തൻ വീട്ടിൽ , വെങ്ങനെല്ലൂർ പി ഒ ചേലക്കര , തൃശ്ശൂർ

2.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

4.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തൃശ്ശൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.സെക്രട്ടറി,തിരുവില്വാമല ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ധനകാര്യ വകുപ്പ് (13.02.2026ലെ ലെ e-2913154/ധെവ-3/150/2024-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

7.ഡയറക്ടർ . ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.321/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 19-05-2026 12:12:43

സെക്ഷൻ ഓഫീസർ